"ഭരണഭാഷ-മാതൃഭാഷ"

No.DWCD/5065/2024-E9 വനിതാ ശിശുവികസന ഡയറക്ടറുടെ കാര്യാലയം,
പൂജപ്പുര,തിരുവനന്തപുരം
തീയതി : 07-10-2024

## സർക്കുലർ

വിഷയം:- വനിതാ ശിശുവികസന വകുപ്പ്- ജീവനക്കാര്യം – ഗസറ്റഡ് തസ്തികയിലെ ജീവനക്കാരുടെ അവധി - ചുമതല ക്രമീകരണം നിർദ്ദേശം നൽകുന്നത് സംബന്ധിച്ച്

സൂചന:-

വനിതാ ശിശു വികസന ഡയറക്ടറേറ്റിലെ ഗസറ്റഡ് തസ്തികയിൽ സേവനമനുഷ്ഠിച്ച് വരുന്ന ജീവനക്കാർ ആകസ്മികാവധി ഒഴികെയുള്ള അവധികൾ വിനിയോഗിക്കുന്നതിന് മുൻപായി (അടിയന്തിര സാഹചര്യങ്ങളൊഴികെ) വകുപ്പ് അദ്ധ്യക്ഷന്റെ ഉത്തരവ് പ്രകാരം പ്രസ്തുത തസ്തികയുടെ ചുമതല മറ്റൊരു ജീവനക്കാരന് കൈമാറി നൽകേണ്ടതുണ്ട്. വനിതാ ശിശുവികസന ഡയറക്ടറേറ്റിൽ അറ്റന്റൻസ്, ലീവ് തുടങ്ങിയവ സ്പാർക്ക് മുഖേന ആയതിനാൽ ടി ജീവനക്കാർ അവധിയിൽ പ്രവേശിക്കുന്ന വിവരം യഥാസമയം ബന്ധപ്പെട്ട സെക്ഷനിൽ അറിയാൻ കഴിയാത്ത സാഹചര്യമാണ് നിലവിലുള്ളത്.

പ്രസ്തുത സാഹചര്യത്തിൽ വനിതാ ശിശുവികസന ഡയറക്ടറേറ്റിൽ ഗസറ്റഡ് തസ്തികയിൽ സേവനമനുഷ്ഠിച്ച് വരുന്ന ജീവനക്കാർ ആകസ്മികാവധി ഒഴികെയുള്ള അവധികൾ വിനിയോഗിക്കേണ്ടി വരുന്ന വേളയിൽ അവധി സംബന്ധിച്ച വിവരം എസ്റ്റാബ്ലിഷ്മെന്റ് സെക്ഷനിൽ മുൻകൂറായി അറിയിച്ച് ചാർജ്ജ് കൈമാറി നൽകേണ്ടതാണ്.

HARITHA V KUMAR
**വനിതാ ശിശുവികസന ഡയറക്ടർ**

വനിതാ ശിശുവികസന ഡയറക്ടറേറ്റിലെ എല്ലാ ഗസറ്റഡ് ജീവനക്കാർക്കും

<u>പകർപ്പ്</u>

1. ഡയറക്ടറുടെ സി.എ
2. സ്റ്റോക്ക് ഫയൽ/സ്പെയർ

Signed by
Haritha V Kumar
Date: 08-10-2024 11:41:43